
മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ
ഡിസൈനർ
DESIGNER + BUILDER
+ബിൽഡർ
രമേഷ് ജെ തരകൻ



# ചടുലമായ മിതത്വം

## കന്റംപ്രറി ശൈലിയുടെ ലാളിത്യഭംഗി അടിസ്ഥാനമാക്കി ചെറിയ പ്ലോട്ടിൽ ഒരുക്കിയ വസതി

ടെക്സ്റ്റ്
ടീം ഡിസൈനർ
ഫോട്ടോഗ്രാഫി
ഷിജോ തോമസ്

വെൺമയുടെ ശുദ്ധിയും അലോസരമേതുമില്ലാത്ത സുതാര്യതയുടെ ഭാവവും. നാലു സെന്റുള്ള പ്ലോട്ടിൽ മൂന്നു ലെവലിൽ ഒരുക്കിയ വീട് ഒഴുക്കുള്ള തുറന്ന നയം കൊണ്ടാണ് ശ്രദ്ധേയമാകുന്നത്. കന്റംപ്രറി ശൈലിയുടെ ലാളിത്യാംശത്തെ നിരുപാധികം സ്വീകരിച്ചു കൊണ്ട് ഇവിടം ഡിസൈൻ ചെയ്തത് ആർക്കിടെക്റ്റ് സുരാഗ് വിശ്വനാഥൻ അയ്യർ (എമിനൻസ് ആർക്കിടെക്റ്റ്സ്, കൊച്ചി,തൃപ്പൂണിത്തുറ) ആണ്. കാറ്റിന്റെ ദിശയെ തടസപ്പെടുത്താത്ത, പുറംവെളിച്ചം അകത്തുനിറയുന്ന സ്പേസുകൾക്കിടയിൽ സോളിഡ് ഡോറുകൾ കഴിയുന്നതും ഒഴിവാക്കി കൊണ്ട് ഓപ്പൺസ്പേസും വിശാലതയും തോന്നിക്കുന്നതുമായ വീട് വേണമെന്ന ക്ലയന്റിന്റെ ആവശ്യമാണ് ആർക്കിടെക്റ്റ് നടപ്പാക്കിയത്. പഴയവീട് നിലനിൽക്കുന്ന കോണോടുകോണായ സ്ഥലത്താണ് പുതിയ വീട് പണിതത്. പഴയവീടിനു പുറമേ വഴിയും ഒരുക്കിയതോടെ അവശേഷിച്ചത് നാല് സെന്റ് സ്ഥലം മാത്രം. ഇതായിരുന്നു ശരിക്കുള്ള വെല്ലുവിളി. ഗ്രൗണ്ട് ഫ്ളോറിൽ പൊതുഇടങ്ങളായ സിറ്റൗട്ട്, ലിവിങ് ഏരിയ,

< **എക്സ്റ്റീരിയർ:**
വെർട്ടിക്കൽ ലൂവറുകളും സി.എൻ.സി കട്ട് പെർഫൊറേറ്റഡ് ഡിസൈൻ വാളുമാണ് എക്സ്റ്റീരിയറിന്റെ പ്രധാന ഡിസൈൻ എലമെന്റ്. ജി.ഐ ട്യൂബിൽ ഇനാമൽ പെയിന്റ് ഫിനിഷ് ചെയ്തൊരുക്കിയതാണ് ലൂവറുകൾ. മൾട്ടിവുഡ് ഉപയോഗിച്ചാണ് സി.എൻസി കട്ട് വാൾ ഒരുക്കിയത്. വെയിൽ നേരിട്ട് വീട്ടകത്ത് പതിക്കാതിരിക്കാൻ ഈ ഡിസൈനിലൂടെ കഴിഞ്ഞു. എന്നാൽ വെളിച്ചം പരമാവധി അകത്തെത്തുകയും ചെയ്യുന്നു.



ആർക്കിടെക്റ്റ്
സുരാഗ് വിശ്വനാഥൻ അയ്യർ





ഡൈനിങ് , കിച്ചൻ, കോർട്ട്യാർഡ് ഏരിയകൾ ഒരുമിക്കുന്നു.ലിവിങ്- ഡൈനിങ് ഏരിയകൾക്കിടയിൽ മാത്രമാണ് പാർട്ടീഷൻ വാൾ. പുറത്തേക്ക് പരമാവധി വിൻഡോകൾ ഉൾപ്പെടുത്തിയ ഒറ്റസ്പേസ് പോലെയാണ് യഥാർത്ഥത്തിൽ ഗ്രൗണ്ട് ഫ്ളോർ. കിച്ചനും ലിവിങ്സ്പേസിനും ഇടയിലാണ് കോർട്ട്യാർഡ്. സ്കൈലൈറ്റ് കോർട്ട് ആയതിനാൽ സ്വാഭാവിക വെളിച്ചവും ധാരാളം. മുകളിലേക്കുള്ള ലെവലിൽ ചൂട് വായു പുറന്തള്ളുന്നതിനാൽ സന്തുലിതമായ അന്തരീക്ഷവുമുണ്ട്. ഫസ്റ്റ് ഫ്ളോറിലെ പാത്ത് വേയോട് ചേർന്നാണ് മാസ്റ്റർ ബെഡ്റൂം, അറ്റാച്ച്ഡ് ടോയ്‌ലറ്റ്, ലോൺട്രി സ്പേസ് എന്നിവ. സ്റ്റെയർകെയ്സിനോട് ചേർന്നാണ് സെക്കൻഡ് ബെഡ്റൂമും ടോയ്‌ലറ്റും. അപ്പർലിവിങ് ഏരിയ, സെമിഓപ്പൺ ബാൽക്കണി എന്നിവയും ഇതേ ലെവലിലാണ്. മൂന്നാമത്തെ കിടപ്പുമുറി, ടോയ്‌ലറ്റ്, സ്റ്റെയർറൂം, ടെറസ് എന്നിവയാണ് സെക്കൻഡ് ലെവലിലെ സ്പേസുകൾ. മരങ്ങൾ പരമാവധി കുറച്ചാണ് ഉപയോഗിച്ചത്. വിൻഡോ അഴികൾ, ഗോവണി കൈവരികൾ എന്നിവയെല്ലാം എം.എസ് റോഡിനൊപ്പം വുഡൻ കവചങ്ങളോടെ ഇനാമൽ പെയിന്റ് ഫിനിഷിലാണ് ചെയ്തത്. ഗോവണിപ്പടികൾ ഒരുക്കാൻ മാത്രം ലെപ്പോത്ര ഗ്രനൈറ്റ് ഉപയോഗിച്ചു.ലഘുവായ തോന്നൽ ഉളവാക്കുന്ന മെറ്റീരിയലുകളും ഫ്രോസ്റ്റഡ് ഗ്ലാസ് ഡോറുകളുമെല്ലാം മിനിമൽ നയത്തെ സാധൂകരിക്കുന്നു, സീലിങ് വർക്ക്, അലങ്കാരങ്ങൾ, അനാവശ്യ ഡിസൈൻ ഘടകങ്ങൾ ഇവയൊന്നും ഇല്ലാതെ ലളിതഭംഗി ഉറപ്പാക്കുന്നു, ഈ വീട്.

^
**ലിവിങ്**
കസ്റ്റമൈസ്ഡ് കുഷൻ ഇരിപ്പിടങ്ങൾ, ലളിതമായ ടി.വി യൂണിറ്റ്, ഒപ്പം വെളിച്ചവും വിശാലതയും ചേർന്നതാണ് ലിവിങ് സ്പേസ്. വൈറ്റ്- ബെയ്ജ് നിറത്തിലുള്ള വിട്രിഫൈഡ് ടൈലാണ് ഫ്ളോറിങ്ങിന് ഉപയോഗിച്ചത്. ടി.വി ഏരിയയിൽ കോൺക്രീറ്റ് ഫിനിഷ് തോന്നുന്ന ലാമിനേറ്റഡ് വാൾ പാനലിങ് തെരഞ്ഞെടുത്തത് ഫ്ളോറിങ്ങിന്റെ തുടർച്ച തോന്നിപ്പിക്കും. മൾട്ടി വുഡ്- വെനീർ ഫിനിഷ് സ്റ്റോറേജ് യൂണിറ്റും വാൾ സ്റ്റാൻഡും ഉൾപ്പെടുത്തി.

**കോർട്ട്യാർഡ്** >
ലിവിങ് ഏരിയക്കും കിച്ചനും ഇടയിലാണ് പെബിൾ അലങ്കാരത്തോടെയുള്ള സ്കൈലൈറ്റ് കോർട്ട്യാർഡ്. വലിയ വാൾവിൻഡോ നൽകി ഈ ഏരിയയെ ലാൻഡ്സ്കേപ്പുമായി ബന്ധിപ്പിച്ചിരിക്കുന്നു.



**ഡൈനിങ്**
ടേബിളിനൊപ്പം കുഷ്യൻബെഞ്ചും കസേരകളും ചേർത്താണ് ഡൈനിങ് ഫർണിച്ചർ ക്രമീകരിച്ചത്. ലളിതമായ വാഷ് കൗണ്ടറും മിറർ യൂണിറ്റും ലിവിങ്- ഡൈനിങ് ഏരിയകൾക്കിടയിലെ പാർട്ടീഷൻ വാളിനോട് ചേർന്ന് നൽകി.
V









^
**അപ്പർപാസേജ്**
വൈറ്റ്- ലൈംയെല്ലോ കോമ്പിനേഷനിൽ ഒരുക്കിയ ബുക്ക്ഷെൽഫ് പാസേജിലെ ശ്രദ്ധാകേന്ദ്രം.





**ബെഡ്റൂമുകൾ** >
ലാളിത്യത്തിന്റെ പ്രതീകമായി ഒരുക്കിയ ബെഡ്റൂമുകളിൽ വൈറ്റിനൊപ്പം വ്യത്യസ്ത മായ നിറങ്ങളുടെ കോമ്പിനേഷൻ കൊണ്ടു വന്നത് ചടുലമായ അന്തരീക്ഷം ഉറപ്പാക്കാ നാണ്. മൾട്ടിവുഡ്- മൈക്ക ലാമിനേഷൻ ഫിനിഷിലാണ് കട്ടിലുകളും സ്റ്റോറേജ് സ്പേസുകളുമെല്ലാം ഒരുക്കിയത്.

| PROJECT DETAILS | |
|---|---|
| Architect / Interior Designer | Surag Viswanathan Iyer<br>Eminence Architects<br>[Research + Design],<br>No.18/264, G2, 2nd Floor, Vembanad Heights, S N Junction, Tripunithura, Ernakulam<br>+91 9895347562 |
| Owner | Basheer A A<br>+91 7012181577 |
| Location | Panayikulam, Ernakulam, Kerala |
| Year of Completion | 2018 |
| Site Area | 4 Cents |
| Built Area | 1980 Sqft |
| Interior Contractor | Nijumon, +91 9074289069 |
| Masonary Work | Salam, +91 9847524285 |
| Electrification/ Lighting | Vidya Viswanathan<br>(MEP Designer)<br>+91 9497023660 |
| Painting | Manoj, +91 9544914894 |
| Flooring | Biju, +91 7012434109 |
| False ceiling/ Partition | Manjudas,<br>+91 9946351423 |








GROUND FLOOR PLAN




FIRST FLOOR PLAN




SECOND FLOOR PLAN





^
**കിച്ചൻ:**
ലെമൺ ഗ്രീൻ- വൈറ്റ് കോമ്പിനേഷനിലാണ് കിച്ചൻ ഒരുക്കിയത്. മറൈൻ പ്ലൈവുഡ്-മൈക്ക ഫിനിഷിലാണ് കബോഡുകൾ. ഓവർഹെഡ് കാബിനറ്റുകൾ ഫ്ളോർ ടൈലിന്റെ അതേ ഫിനിഷിലുള്ള ലാമിനേഷൻ ഉപയോഗിച്ചൊരുക്കി. കൗണ്ടർ ടോപ്പിൽ ബ്ലാക്ക് ഗ്രനൈറ്റ് ഒട്ടിച്ചു.